No/9/2020/SRG/LSGD(CC)(5)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം സെക്രട്ടേറിയറ്റ് അനക്സ് II ലയം ഹാൾ

## 07.01.2021 രാവിലെ 10.30 AM

## അജണ്ട

1. **തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം**
2. **മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

2.5(3.1) മുൻവർഷങ്ങളിലെ അപേക്ഷിച്ച് മികച്ച പദ്ധതിചെലവാണ് ഈ വർഷമുള്ളതെന്ന് കഴിഞ്ഞ കോഓർഡിനേഷൻ കമ്മിറ്റിയിൽ വിലയിരുത്തി. എന്നാൽ പ്രത്യേക ഘടകപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ചെലവ് കുറവാണ്. ഇത് വകുപ്പ് മേധാവികൾ ഗൗരവമായി കാണണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ എസ്.സി.പി, റ്റി.എസ്.പി പ്രോജക്ടുകൾ പ്രത്യേകമായി അവലോകനം ചെയ്യാനും ആവശ്യമായ ഇടപെടൽ നടത്തി കുറവ് പരിഹരിക്കാനും പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തി. എസ്.സി.പി/റ്റി.എസ്.പി യിൽ നിർമ്മാണ പ്രവൃത്തികൾ എത്ര? (പൊതു നിർമ്മാണം) അവയിൽ ഫീസിബിലിറ്റി/ സോഷ്യൽ മാപ്പ് ലഭിക്കാത്തത് എത്ര? ഈ പ്രവൃത്തികളുടെ സാങ്കേതികാനുമതി, ടെണ്ടർ, പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്നിവ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ അവലോകനം ചെയ്യേണ്ടതാണ്. അതിന്റെ ഇനം തിരിച്ച വിശദാംശം അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ ചീഫ് എഞ്ചിനീയർ നൽകണം.

2. കൂടാത ലൈഫ് ഭവനപദ്ധതി പ്രത്യേകമായി അവലോകനം ചെയ്യണം. പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾ ലൈഫ് ഭവനപദ്ധതിക്കായി മാറ്റിവയ്ക്കുന്ന തുക കൃത്യമായി ചെലവഴിക്കപ്പെടുന്നില്ല. ഇത് അടിയന്തിരമായി പരിഹരിക്കണം. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇതു പ്രത്യേകമായി ശ്രദ്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

3. വ്യക്തിഗത പ്രോജക്ടുകളിൽ ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥനു കൈമാറിയോ, ലാപ് ടോപ് അടക്കം വിവിധ ഉപകരണങ്ങൾ നൽകുന്നതിന്റെ നടപടിക്രമത്തിലെ പുരോഗതി, പദ്ധതി നിർവ്വഹണത്തിൽ പുറകിൽ നിൽക്കുന്ന വകുപ്പുകൾ ഏതൊക്കെ? തുടങ്ങിയവ പഞ്ചായത്തു ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ അവലോകനം ചെയ്യണം. സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇത് പ്രത്യേകമായി അവലോകനം ചെയ്യണം. ഈ വിഷയങ്ങളിൽ വകുപ്പ് മേധാവികളുടെ റിപ്പോർട്ട്.

ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്**:- പദ്ധതി അവലോകന യോഗങ്ങൾ ചേരുകയും എസ്.സി.പി/ റ്റിഎസ്.പി. പ്രോജക്ടുകൾ അവലോകനം ചെയ്യുകയും ചെയ്തിട്ടു ണ്ടെന്നും പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിനും പദ്ധതി ചെലവ് ത്വരിതപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാപ് ടോപ് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും വ്യക്തിഗത പ്രോജക്ടുകളിൽ ഗുണഭോക്തൃ ലിസ്റ്റ് നിർവഹണ ഉദ്യോഗസ്ഥന് കൈമാറാത്ത ഇടങ്ങളിൽ ആയത് കൈമാറുന്ന തിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**നടപടി :- 1)പഞ്ചായത്ത് ഡയറക്ടർ**
**2)നഗരകാര്യ ഡയറക്ടർ**
**3)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**4)തദ്ദേശസ്വയഭരണ ചീഫ് എഞ്ചിനീയർ**

## 2.1 28.01.2020-ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.1(3.11) പല തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇപ്പോൾ നിലവിലില്ലാത്ത വാട്ടർ ടാപ്പു കൾക്കും കേരള വാട്ടർ അതോറിട്ടി വെള്ളചാർജ് ഈടാക്കുന്നുണ്ട്. ഇതിന്റെ കണക്കെടുത്ത് നിലവിലുള്ള ടാപ്പുകൾക്ക് മാത്രം വെള്ള ചാർജ് നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിനായി കേരള വാട്ടർ അതോറിട്ടി അധികാരികളുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ചർച്ച ചെയ്യണമെന്നും നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം, കുടിവെള്ള ചാർജ് കണക്കാക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം എന്നിവ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും നൽകണമെന്നും കോഓർഡിനേഷൻ കമ്മിറ്റിയോഗം നിർദ്ദേശിച്ചിരുന്നു.

ഇതിന്റെ ഭാഗമായി ജില്ലതിരിച്ചുള്ള കണക്ക് പഞ്ചായത്ത് ഡയറക്ടറും ഓരോ നഗരസഭ തിരിച്ചുള്ള കണക്ക് നഗരസഭാ ഡയറക്ടറും നൽകിയിട്ടുണ്ട്. ഇതിന്റെ ആകെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

| | **നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം** | **കുടിവെള്ള ചാർജ് കണക്കാക്കുന്ന ടാപ്പുകളുടെ എണ്ണം** |
|---|---|---|
| നഗരസഭ | 47,381 | 47,665 |
| ഗ്രാമപഞ്ചായത്തുകൾ | 1,43,819 | 1,47,706 |
| **ആകെ** | **1,91,200** | **1,95,371** |

## 2.2 24.06.2020 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.2(3.12)ഐ.കെ.എം.ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നടത്തുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കാൻ

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി യിരുന്നു. സോഫ്റ്റ് വെയർ സംബന്ധമായ പ്രശ്നങ്ങളും ഐ.കെ.എം.ൽ അത്യാവശ്യം വേണ്ട മാറ്റങ്ങളും ചർച്ച ചെയ്യാനും പഠിക്കാനും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.
ഈ കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണമെന്നു നിർദ്ദേശിച്ചിരുന്നു. കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം.

**നടപടി- 1)എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**

**2.3 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3(3.9)** സ്ഥലം ലഭ്യമല്ലാത്തതിനാൽ തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് തൊഴിലാളികളെ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. നിലവിൽ ഇവരുടെ പാർപ്പിട സൗകര്യം വളരെ മോശമാണ്. ഈ പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ 5 വർഷം എത്ര തുക മാറ്റി വച്ചു, എത്ര ചെലവഴിച്ചു തുടങ്ങിയ വിവരങ്ങൾ ശേഖരിക്കണം. കൂടാതെ ഇവിടെ എത്ര പേർക്കാണ് വീടു വച്ചു നൽകേണ്ടത്, കഴിഞ്ഞ 5 വർഷക്കാലങ്ങളിൽ ഇവിടെ ലക്ഷ്യമിട്ടത് എത്രയാണ്, എത്ര പൂർത്തീകരിച്ചു എന്നീ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർ നൽകിയിരുന്നു.

പഞ്ചായത്ത് ഡയറക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും മുഖേന ലഭിച്ച ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് പ്രകാരം ആകെ 132 ഗ്രാമപഞ്ചായത്തുകളാണ് തോട്ടം മേഖലയിലുള്ളത്. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഭവന നിർമ്മാണത്തിന് വകയിരുത്തിയിരിക്കുന്നതും ചെലവഴിച്ചതുമായ തുക കണക്കാക്കിയിട്ടുണ്ട്. (ഐ.കെ.എം. കണക്കു പ്രകാരം)

**പട്ടിക 1**

| വർഷം | വകയിരുത്തിയ തുക (രൂപ ലക്ഷം) | ചെലവ് തുക (രൂപ ലക്ഷം) | ശതമാനം |
|---|---|---|---|
| 2017-18 | 9926.76 | 6787.41 | 68.37 |
| 2018-19 | 16845.81 | 14692.93 | 87.22 |
| 2019-20 | 14620.41 | 11119.69 | 76.06 |
| 2020-21 | 13641.97 | 2603.58 | 19 |

തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് സ്ഥലം കണ്ടെത്താനുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്തും താഴെ തലത്തിൽ വിശദമായ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ നൽകണം.
ബന്ധപ്പെട്ട ബഹു.മന്ത്രിതലത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ തീരുമാനിച്ചു. അതിനാൽ കാലതാമസം കൂടാതെ വിശദമായ റിപ്പോർട്ട് നൽകണം.

**നടപടി- 1) പഞ്ചായത്ത് ഡയറക്ടർ**

**2 .3(4.23 ) ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.20ലെ കത്ത് (SRG /515/20 CC/545/20)**

***പ്രോ.നം. 21/2021 അടങ്കൽ - 5,00,000/- രൂപ (വികസന ഫണ്ട്)***

***പേര് - ഋതുമതി - വനിതകൾക്ക് മെൻസ് ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും***

സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള സാനിട്ടറി നാപ്കിനുകൾക്കു പകരം കഴുകി ഉപയോഗിക്കാൻ കഴിയുന്ന മെൻസ്ട്രുവൽ കപ്പ് ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തിലെ 3000 വനിതകൾക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഇതിന്റെ ഉപയോഗം സംബന്ധിച്ച് വനിതകൾക്ക് ബോധവൽക്കരണം നടത്താനും ഉദ്ദേശിക്കുന്നു. 30 മുതൽ 50 വരെയുള്ള 10 ബാച്ചുകളായി വിദഗ്ധരെ ഉപയോഗിച്ചാണ് ബോധവൽക്കരണം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

ഇതിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞ് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് പഞ്ചായത്ത് ഡയറക്ടർ നൽകണം.

**നടപടി: – 1) പഞ്ചായത്ത് ഡയറക്ടർ**
**2) ആരോഗ്യവകുപ്പ് ഡയറക്ടർ**

**2.4 23.09.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.4(3.3)** പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെതലത്തിലെ ഉദ്യോഗസ്ഥന്മാരെ കൂടി നിർവ്വഹണ ഉദ്യോഗസ്ഥരാക്കുകയും അവർക്ക് പ്രത്യേകമായി ഡി.ഡി.ഒ കോഡ് നൽകുകയും ചെയ്തു. ഇത് പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കി. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ (self drawing) ശമ്പളവും മറ്റും വാങ്ങുന്ന ട്രഷറി അല്ല അദ്ദേഹം നിർവഹണ ഉദ്യോഗസ്ഥനായുള്ള തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ട്രഷറി. ഇങ്ങനെയുള്ള നിർവഹണ ഉദ്യോഗസ്ഥന് രണ്ട് ട്രഷറിയിൽ നിന്നും ഇടപാടു നടത്തുന്നതിന് ക്രമീകരണം ചെയ്യുന്നത് പദ്ധതി നിർവഹണത്തിന് സഹായകരമാകും എന്നതിനാൽ ഇത്തരം ഉദ്യോഗസ്ഥർ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ട് എന്നു കണ്ടെത്തി അവരുടെ വിശദാംശം സഹിതം പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, എന്നിവർ ധനകാര്യ വകുപ്പിന് നൽകണം. ഇതനുസരിച്ച് ഈ ഉദ്യോഗസ്ഥർക്ക് വെർച്ചൽ ഡി.ഡി.ഒ കോഡ് അനുവദിക്കുന്നത് പരിഗണിക്കാമെന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചിരുന്നു.

ഇപ്രകാരം പഞ്ചായത്തു ഡയറക്ടർ പുതിയതായി ഡി.ഡി.ഒ കോഡ് ആവശ്യമുള്ളവരുടെ ലിസ്റ്റ് ധനവകുപ്പിനും നൽകിയിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണറും നഗരകാര്യഡയറക്ടറും ഇപ്രകാരം ഡി.ഡി.ഒ കോഡ് ആവശ്യമുള്ള ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ ധനവകുപ്പിനു നൽകണം. ധനവകുപ്പിന് ലഭിച്ച ലിസ്റ്റ് പ്രകാരം ആവശ്യമുള്ളവർക്ക് ഡി.ഡി.ഒ. കോഡ് അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ യോഗം തീരുമാനിച്ചു. ഇതു സംബന്ധിച്ച തുടർ നടപടി

**നടപടി- 1) നഗരകാര്യ ഡയറക്ടർ**
**2) ഗ്രാമവികസന കമ്മീഷണർ**
**3) ധനവകുപ്പ്**

2.4(3.8) ജനകീയ ഹോട്ടൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സർക്കാർ നിർദ്ദേശിച്ച പ്രകാരം സ്ഥാപിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കണം. സർക്കാർ ഉത്തരവിൽ പറയും പ്രകാരം ജനകീയ ഹോട്ടൽ സ്ഥാപിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരങ്ങളും മറ്റു വിശദാംശങ്ങളും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശേഖരിച്ച് നൽകിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

1) ജനകീയ ഹോട്ടൽ ആരംഭിക്കണമെന്ന് ലക്ഷ്യമിട്ടിരിക്കുന്ന സ്ഥലങ്ങളിൽ/ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിർബന്ധമായും ജനകീയ ഹോട്ടൽ തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഇതിനായി പഞ്ചായത്തു ഡയറക്ടറും നഗരകാര്യ ഡയറക്ടറും ഇടപെടണം. ലക്ഷ്യമിട്ടപോലെ ജനകീയ ഹോട്ടൽ തുടങ്ങാൻ കഴിഞ്ഞില്ലെങ്കിൽ അത് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിലെ സെക്രട്ടറിയുടെ വീഴ്ചയായി കണ്ടു ആവശ്യമായ നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ജനകീയ ഹോട്ടൽ തുടങ്ങാത്ത സ്ഥലത്തെ/തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവരം അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്തു ഡയറക്ടറും നഗരകാര്യ ഡയറക്ടറും നൽകണം.
2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരം ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ ജനകീയ ഹോട്ടൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലമുണ്ടെങ്കിൽ അവിടെയും ജനകീയഹോട്ടൽ സ്ഥാപിക്കാവുന്നതാണ്. ഇങ്ങനെ സ്ഥാപിക്കുന്ന ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ സപ്ലൈകോയിൽ നിന്ന് സാധനങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. മറ്റു സൗകര്യങ്ങൾ ഒരുക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നടപടി സ്വീകരിക്കണം. ഇതിന്മേൽ സ്വീകരിച്ച നടപടി

**നടപടി- 1) പഞ്ചായത്തു ഡയറക്ടർ**
**2) നഗരകാര്യഡയറക്ടർ**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

**2 .4(4.1) ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.20-ലെ കത്തും ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2020 -ലെ കത്തും 18.03.2020-ലെ 4/35(4) -ാം നമ്പർ ഭരണ സമിതി തീരുമാനവും - (SRG 635/20 CC/634/20, SRG 636 /20 CC/635/20, SRG 637 /20 CC 636/20, SRG -638 /20 CC /637/20, SRG 639 /20 CC 638/20, SRG - 640 /20 CC /639/20 (6 കത്തുകൾ)**

താഴെപ്പറയുന്ന പ്രോജക്ടുകൾ 2019-20 വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി യിരുന്നു.

***(i) പ്രോ.നം. 258/20 അടങ്കൽ 5,00,000/- രൂപ***
***(തനത് ഫണ്ട്)***

***പേര്- പനങ്കാവ് കുളം പുനരുദ്ധാരണം - മൂന്നാംഘട്ടം***

*(ii) പ്രോ.നം. 259/20 അടങ്കൽ 3,00,000/- രൂപ*
*(തനത് ഫണ്ട്)*

*പേര്- അമ്പൂട്ടിക്കുന്ന് ഡ്രെയ്നേജ് വർക്ക്*

*(iii) പ്രോ.നം. 636/20 അടങ്കൽ 3,75,000/- രൂപ*
*(തനത് ഫണ്ട്)*

*പേര്- പട്ടുവത്തെരു റോഡ് ഓവ് ചാൽ മൂന്നാംഘട്ടം*

*(iv) പ്രോ.നം. 271/20 അടങ്കൽ 2,50,000/- രൂപ*
*(തനത് ഫണ്ട്)*

*പേര്- അച്ചുവേട്ടന്റെ വീട്ടു മുതൽ ജൻഡക്സ് കൃഷ്ണന്റെ വീട് വരെ റോഡ് ടാറിംഗ് (ബാക്കി ഭാഗം*

*(v) പ്രോ.നം. 286/20 അടങ്കൽ 2,00,000/- രൂപ*
*(തനത് ഫണ്ട്)*

*പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 1 മുതൽ 7 വരെ വാർഡുകൾ*

*(vi) പ്രോ.നം. 287/20 അടങ്കൽ 2,00,000/- രൂപ*
*(തനത് ഫണ്ട്)*

*പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 8 മുതൽ 14 വരെ വാർഡുകൾ*

*(vii) പ്രോ.നം. 288/20 അടങ്കൽ 3,00,000/- രൂപ*
*(തനത് ഫണ്ട്)*

*പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 15 മുതൽ 23 വരെ വാർഡുകൾ*

ഈ പ്രോജക്ടുകൾ ടെണ്ടർ നടപടി കൂടാതെ നടപ്പാക്കി. ഈ പ്രവൃത്തികളുടെ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നൽകാൻ അനുമതി സംബന്ധിച്ച്.

ടെണ്ടർ നടപടി കൂടാതെ പ്രോജക്ട് നടപ്പാക്കിയത് ഗുരുതര വീഴ്ചയാണെന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**റിപ്പോർട്ട്** :- നിയമാനുസൃതമായ യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയാണ് പ്രസ്തുത 7 പ്രവൃത്തികളും പൂർത്തീകരിച്ചത്. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലല്ല പ്രവൃത്തികൾ നടന്നിട്ടുള്ളത്. പ്രവൃത്തികളുടെ സ്വഭാവംകൊണ്ടും നിർമ്മാണം പൂർത്തിയാക്കി ഒരു വർഷത്തിലധികം കഴിഞ്ഞതിനാലും ടി പ്രവൃത്തികളുടെ വാല്യവേഷൻ എടുക്കാൻ ബുദ്ധിമുട്ടാണ്. ഇതിന് സാധൂകരണം നൽകി തുക നൽകുന്നത് തെറ്റായ കീഴ്‌വഴക്കത്തിന് കാരണമാകും എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2 .4(4.5) കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2020-ലെ കത്തും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.08.2020-ലെ** P6-2835/20-ാം **നമ്പർ കത്തും ജില്ലാ**

**പഞ്ചായത്തിന്റെ 21.08.2020-ലെ 1-61/20-ാം നമ്പർ ഭരണസമിതി തീരുമാനവും**
(SRG 674/20- CC/748/20).

***പ്രോജക്റ്റ് നം. 445/21*** ***അടങ്കൽ 25,00,000/ രൂപ (എസ്.സി.പി)***

***പേര് – പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം***

പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിട നിർമ്മാണത്തിനുള്ള പ്രോജക്ട് തയ്യാറാക്കാനാണ് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തിരുന്നതെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരം ഒരു സൊസൈറ്റിക്ക് പരമാവധി 5.00 ലക്ഷം രൂപയെ നൽകാവൂ എന്ന കാരണത്താൽ "പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകൽ"എന്ന പ്രോജക്ടാണ് സുലേഖ സോഫ്റ്റ് വെയറിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കിയത്. പ്രോജക്ട് അടങ്കലായ 25.00 ലക്ഷം രൂപയും കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിടം പണിയുന്നതിന് മാത്രമായി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റി യുടെ ഇതുവരെയുള്ള പ്രവർത്തനം, ഈ സൊസൈറ്റി മുഖേന എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നു, ഇപ്പോഴത്തെ സ്ഥിതി, പശ്ചാത്തല സൗകര്യം തുടങ്ങിയവ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ/ബന്ധപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് വാങ്ങി പഞ്ചായത്ത് ഡയറക്ടറോട് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരുന്നു. റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

**റിപ്പോർട്ട്**:- ഇതു 1983-ൽ പ്രവർത്തനം ആരംഭിച്ച സംഘമാണ്. സംഘത്തിന്റെ 2018-19 ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 901 അംഗങ്ങളും 91,726/- രൂപ പ്രവർത്തന മൂലധനവും 90,100/-രൂപ പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനവുമുണ്ട്. സംഘത്തിന് മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന തിനായി 'സി' ക്ലാസ്സിലേയ്ക്ക് തരംതിരിക്കുന്നതിനായുള്ള അപേക്ഷ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ ഓഫീസിന്റെ പരിഗണന യിലാണ്.

സംഘത്തിന് കുന്ദമംഗലത്ത് സ്വന്തമായുള്ള സ്ഥലത്ത് താൽക്കാലിക ഷെഡിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ 25 ലക്ഷം രൂപ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് സംഘം വകയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സ്വന്തമായി ഓഫീസ് കെട്ടിടം ഉണ്ടായാൽ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സംഘാംഗ ങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്നാണ് റിപ്പോർട്ട്.

**നടപടി- 1)പഞ്ചായത്ത് ഡയറക്ടർ**

2.4(4.20 )ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.08.2020-ലെ കത്തും (രണ്ടെണ്ണം) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2020-ലെ 2(4) -ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 668/20 – CC/738/20, SRG 669/20 – CC/739/20)**

*പ്രോ.നം. 114/20* — *അടങ്കൽ 12,59,692/- രൂപ*

*(സംസ്ഥാന വിഹിതം - 8,70,000/- രൂപ*

*CFC 3,89,692/- രൂപ)*

*പേര്:-വട്ടപ്പറമ്പ് അംഗനവാടിക്ക് കെട്ടിട നിർമ്മാണം - വാർഡ് -8*

*(ii) പ്രോ.നം. 194/20* — *അടങ്കൽ 13,21,086/- രൂപ*

*(സംസ്ഥാന വിഹിതം - 8,70,000/- രൂപ*

*CFC -4,51,086/- രൂപ)*

*പേര്:-പൂഴനാട് അംഗനവാടിക്ക് കെട്ടിട നിർമ്മാണം*

മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകളും വനിതാ ശിശു വികസന വകുപ്പിന്റെ സഹായം കൂടി ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. ഓരോ അങ്കണവാടിക്കും 8,70,000/- രൂപ വീതം (ആകെ 17,40,000/-രൂപ ) വനിതാ ശിശു വികസന വകുപ്പ് ഗ്രാമപഞ്ചായത്തിനു കൈമാറും എന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പി.ഡബ്ല്യു. ഡിയ്ക്കാണ് വകുപ്പ് തുക കൈമാറിയത്. നിർമ്മാണം പൂർത്തിയായെങ്കിലും വകുപ്പിന്റെ വിഹിതം നൽകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ പി.ഡബ്ല്യു.ഡി.യുടെ കൈവശമുള്ള വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്നു സംബന്ധിച്ച്. താഴെപ്പറയുന്ന തീരുമാനമെടുത്തു.

ഈ തുക പി.ഡബ്ല്യു.ഡി.യിൽ നിന്ന് തിരികെ വാങ്ങി ഗ്രാമപഞ്ചായത്തിന് കൈമാറാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് ഫയൽ വകുപ്പിന് നൽകിയിട്ടുണ്ടെന്നും ധനവകുപ്പിന്റെ പരിഗണനയിലാണെന്നും വനിതാ ശിശുവികസന ഡയറക്ടർ അറിയിച്ചു. ഇതേ വിഷയം മറ്റ തദ്ദേശഭരണസ്ഥാപനങ്ങളിലും ഉണ്ടെന്നും മുൻ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുക അതതു തദ്ദേശഭരണ സ്ഥാപനത്തിനു കൈമാറാ നുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും ആവശ്യമായ തുടർ നടപടി സ്വീകരിക്കണമെന്നും ഡയറക്ടറോട് നിർദ്ദേശിച്ചു.

അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ നൽകണം.

**നടപടി- 1)വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ**

**2.5 21.10.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.5(3.2)** പല തദ്ദേശഭരണസ്ഥാപനങ്ങളും 2019-20 ലെ പ്രവൃത്തികളുടെ ബിൽ മാറുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം തെരഞ്ഞെടുത്തിട്ടുണ്ട്. ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗിച്ച് ബാങ്കുകളിൽ നിന്നു മാറിയ തുക ഇതിനകം അതതു ബാങ്കുകൾക്ക് ധനവകുപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ മാറിയ തുക മിക്ക

തദ്ദേശഭരണസ്ഥാപനങ്ങളും ധനവകുപ്പ് നിർദ്ദേശപ്രകാരം ക്രമപ്പെടുത്തിയിട്ടില്ല. ഈ പ്രക്രിയ പൂർത്തിയാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശം 28.05.2020 ലെ **G.O(P)68/2020/ധന–ാാം** നമ്പർ സർക്കാർ ഉത്തരവു പ്രകാരം ധനവകുപ്പ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സസ്പെൻസ് ഹെഡിലേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യേണ്ടതാണ്. ഇതു വെർച്ചലായി ചെയ്യുന്ന ഒരു നടപടി ക്രമം ആണ്. ഇതുവഴി തദ്ദേശഭരണസ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ കുറവു വരുന്നതല്ല. എന്നാൽ ഈ പ്രക്രിയ പൂർത്തിയാക്കുക എന്നത് ധനമാനേജ് മെന്റിൽ അനിവാര്യമാണ്. അതിനാൽ ഈ പ്രക്രിയ ഒട്ടും കാലതാമസം കൂടാതെ പൂർത്തിയാക്കുക എന്നത് അതതു നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ചുമതലയാണ്. ഇതിനു വേണ്ട നിർദ്ദേശം തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ താഴേ തലത്തിലേക്ക് നൽകേണ്ടതും അവലോകനം ചെയ്യേണ്ടതുമാണ്. കൂടാതെ സസ്പെൻസ് ഹെഡിലേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യുന്നതിന് അധിക തുക ആവശ്യമുണ്ട് എങ്കിൽ അതിന്റെ വിശദാംശം ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ ഗ്രാമവികസന കമ്മീഷണർ എന്നിവർ ധനവകുപ്പിനു നൽകണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്, ജില്ല, അധികമായി ആവശ്യമുള്ള തുക ഇനം തിരിച്ച് എന്നിവയടക്കമുള്ള വിവരങ്ങളാണ് നൽകേണ്ടത്. ഇതിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ധനവകുപ്പിന് നൽകണം.

വിശദാംശങ്ങൾ സഹിതം അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ വകുപ്പ മേധാവികളും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും റിപ്പോർട്ട് നൽകണം.

ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:-** ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം സംബന്ധിച്ച് അവലോകനം ചെയ്യുകയും ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗിച്ച് ബാങ്കുകളിൽ നിന്ന് മാറിയ തുക ധന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ക്രമപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ സ്റ്റാറ്റസ് നൽകിയിട്ടില്ല.

**നടപടി :- 1) പഞ്ചായത്ത് ഡയറക്ടർ**
**2) നഗരകാര്യ ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**
**4) തദ്ദേശസ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**2.5 (3.3)** ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഒറ്റവീടുകൾ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇരട്ട വീടുകളാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ വന്നതിനുശേഷം ഇങ്ങനെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെയാണ് നടപ്പാക്കുന്നത്. പല തദ്ദേശഭരണ സ്ഥാപന ങ്ങളും ഇതേ ആവശ്യം ഉന്നയിക്കുന്നുണ്ട് എന്നതു കൂടി കണക്കാക്കി താഴെപ്പറയുന്ന തീരുമാനമെടുത്തു.

ലൈഫ് ഭവന പദ്ധതിക്ക് വികസന ഫണ്ടിന്റെ (CFC ഒഴിവാക്കി) കുറഞ്ഞത് 20 ശതമാനം തുക മാറ്റി വച്ചതിനു ശേഷം അധിക തുക വകയിരുത്തി ലക്ഷം വീട് ഭവന പദ്ധതിയിലെ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി. ഇതു സംബന്ധിച്ച ഉത്തരവ്

**നടപടി: – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.5(4.6) മാവേലിക്കര നഗരസഭ**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2020-ലെ കത്ത് (SRG 721/20- CC/ 801/20).**

***പ്രോജക്ട് നം. 176/21*** ***അടങ്കൽ 4,80,000/- രൂപ***

***(വികസന ഫണ്ട് - ജനറൽ)***

***പേര് – മാവേലിക്കര നഗര സഭ വികസന രേഖ തയ്യാറാക്കൽ***

മാവേലിക്കര നഗരസഭയുടെ നിലവിലെ ഭരണസമിതിയുടെ കാലയളവിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള ചെലവിലേയ്ക്ക് തനത് ഫണ്ട് ലഭ്യമല്ല. അതിനാൽ വികസന ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

സർക്കാർ ഉത്തരവു പ്രകാരമുള്ള 2.50 ലക്ഷം രൂപ തനതുഫണ്ടിനത്തിൽ കണ്ടെത്താൻ മുനിസിപ്പാലിറ്റിക്ക് കഴിയില്ല എന്ന് നഗരസഭ ചൂണ്ടിക്കാട്ടിയത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:-** 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ തനത് ഫണ്ടിലെ നീക്കിയിരിപ്പ് തുക 11,57,148/- രൂപയാണെന്നും ആയതിൽ നിന്ന് 2.5 ലക്ഷം രൂപ ഡോക്യുമെന്റേഷന് വിനിയോഗിക്കുന്നത് നിലവിലെ സാഹചര്യത്തിൽ നഗര സഭയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും കാണുന്നു എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2.5(4.11) പട്ടിത്തറ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.20-ലെ കത്തും പട്ടിത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതി 09.03.20-ലെ 6(1) നമ്പർ തീരുമാനവും (SRG 725/20 – CC/821/20)**

പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ റേഷൻ കാർഡില്ലാത്ത താഴെപ്പറയുന്ന 6 കുടുംബം ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. ഇവർക്ക് ആദ്യ ഗഡുവായി 40,000/- രൂപ നൽകി. എന്നാൽ വിശദ പരിശോധനയിൽ ഇവർക്ക് റേഷൻ കാർഡില്ലെന്ന് കണ്ടെത്തി. അതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകിയില്ല. ഇവർക്ക് ഇനിയുള്ള ഗഡുക്കൾ നൽകി വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ അനുമതി നൽകണമെന്നതു സംബന്ധച്ച്.

**ഗുണഭോക്താക്കൾ**

1. ശ്രീമതി. നഫീസ W/o മുഹമ്മദ്, വെട്ടിത്തറയ്ക്കൽ
2. ശ്രീമതി. റജില W/o അയമു, കോട്ടയിൽ
3. ശ്രീമതി, സീനത്ത് W/o നവാസ്, ചാരിപടിക്കൽ
4. ശ്രീമതി. സെമീന W/o റഫീക്ക്, അപ്പനപ്പറമ്പിൽ
5. ശ്രീമതി. ഷീബ W/o പ്രസാദ്, ചീരക്കുഴിയിൽ
6. ശ്രീമതി. ഷമീറ W/o ജലീൽ, പ്ലാന്തോട്ട വളപ്പിൽ

1) റേഷൻ കാർഡിൽ പേരില്ലാതെ ഒന്നാം ഗഡു നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ (VEO) പേരിൽ നടപടിയെടുക്കാൻ നിർദ്ദേശിച്ചിരുന്നു.
2) തുടർന്നുള്ള ഗഡുക്കൾ നൽകണോ എന്നതു സംബന്ധിച്ച് പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണം.

**നടപടി: – ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**2.5(4.19) കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2020-ലെ കത്ത് (SRG 835/20 CC/903/20)**

***പ്രോ.നം. 38/20*** ***അടങ്കൽ 11,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)***

***പേര്:- കറവ പശുക്കൾക്ക് കാലിത്തീറ്റ (വനിത)***

2019-20-ൽ " കറവ പശുക്കൾക്ക് കാലിത്തീറ്റ" എന്ന പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നു. അടങ്കൽ 15,27,000/- രൂപ. 2020 മാർച്ചിൽ ഈ പ്രോജക്റ്റ് ഭേദഗതി ചെയ്ത് 11.00 ലക്ഷം രൂപ അടങ്കലാക്കി വനിതാ ഘടക പദ്ധതിയിൽ നില നിർത്തിക്കൊണ്ട് ബാക്കി തുക കറവ പശുക്കൾക്ക് കാലിത്തീറ്റ (ജനറൽ) പ്രോജക്ടിലേയ്ക്ക് മാറ്റി. റിവിഷൻ നടത്തുന്നതിനു തൊട്ടു മുമ്പായി മുകളിൽ പറഞ്ഞ പ്രോജക്ടിൽ 1,97,587/- രൂപക്ക് റിക്വിസിഷൻ നൽകി തുക ട്രഷറിയിൽ നിന്നു ചെലവഴിച്ചു. തുടർന്നു പ്രോജക്റ്റ് പൂർത്തിയാക്കിയ മുറയ്ക്ക് 11.00 ലക്ഷം രൂപയുടെ ബില്ലും മാറി. ആകെ ചെലവ് 12,97,587/- രൂപ. പ്രോജക്റ്റ് റിവിഷൻ സമയത്ത് നൽകിയ റിക്വിസിഷൻ ക്യാൻസൽ ചെയ്യാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. ഈ പിശകു പരിഹരിച്ച് അധികമായി ചെലവഴിച്ച 1,97,587/-രൂപക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

ഇതു പരിശോധിച്ച് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകണം

**നടപടി: –1) എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം**

**2.5(4.20 ) ഏലവഞ്ചേരി ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2020 തീയതിയിലെ കത്തുകൾ (4 എണ്ണം) (SRG 838/20 CC/842/20) SRG 837/20 CC/841/20, SRG 839/20 CC/843/20, SRG 836/20 CC/844/20)**

*(i)**പ്രോ.നം.** 63/21* ***അടങ്കൽ** 2,50,000/- **രൂപ*** *(CFC Tied Grant))*

***പേര്:- ചേപ്പലോട് കുടിവെള്ള പദ്ധതി***

*(ii)**പ്രോ.നം.** 59/21* ***അടങ്കൽ** 4,90,000/- **രൂപ*** *(CFC Tied Grant))*

***പേര്:- കൊട്ടുവാൾപ്പാറ എലന്തി കൊളുമ്പ് കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ***

*(iii)**പ്രോ.നം.** 64/21* ***അടങ്കൽ** 2,50,000/- **രൂപ*** *(CFC Tied Grant))*

***പേര്:- പന്നിക്കോൽ കുടിവെള്ള പദ്ധതി***

*(iv)* ***പ്രോ.നം.*** *114/21* ***അടങ്കൽ*** *1,10,000/-* ***രൂപ***

*(Road Maintanance Grant)*

***പേര്:- വി.എഫ്.പി.സി.കെ മുൻവശം ഡ്രൈനേജ് നിർമ്മാണം***

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ 63/21, 59/21, 64/21 എന്നിവയ്ക്ക് സാങ്കേതികാനുമതി ലഭിച്ചത് 23.05.20 നും 114/21 എന്ന പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചത് 15.05.2020 നുമാണ്. ഈ സമയത്ത് പണി ആരംഭിച്ച് ഭാഗികമായി പൂർത്തിയാക്കിയിരുന്നു. ടെണ്ടർ നടത്തിയത് 27.05.20 നാണ്. 30.06.2020 നാണ് ഭരണസമിതി യോഗത്തിൽ ടെണ്ടർ അംഗീകാരത്തിന് സമർപ്പിച്ചത്. നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത പ്രവൃത്തികൾക്ക് സാധൂകരണം നൽകാനും മെഷർമെന്റ് എടുത്ത് ബിൽ തുക നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണെന്ന് യോഗം വിലയിരുത്തുന്നു. ഇത് പരിശോധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകണം

**നടപടി: – 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**2.5(4.21 ) പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം**

**പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം** (PT - 214) **സെക്രട്ടറിയുടെ 13.10.2020-ലെ കത്ത്** **(SRG** 840**/20)**

പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം കർഷകർക്ക് ശാസ്ത്രീയ കൃഷി രീതിയിൽ പരിശീലനം നൽകുകയും തൈകൾ, വിത്തിനങ്ങൾ, ജൈവ വളങ്ങൾ മറ്റ് കാർഷിക ഉല്പാദന ഉപാധികൾ എന്നിവ നിർമ്മിക്കുന്നുമുണ്ട്. ഇത്തരം ഉല്പന്നങ്ങൾ ക്വട്ടേഷൻ/ടെണ്ടർ കൂടാതെ ഈ സഹകരണ സംഘങ്ങളിൽ നിന്നു വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഈ സംഘത്തെ സംബന്ധിച്ച് പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് വാങ്ങി പഞ്ചായത്തു ഡയറക്ടർ നൽകണം.

**റിപ്പോർട്ട്** :-സംസ്ഥാനത്തെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ലൈസൻസിന് അപേക്ഷിച്ച് ലഭിക്കുന്ന മുറയ്ക്ക് സംഘത്തിന് മറ്റ് കാർഷികോത്പാദന ഉപാധികൾ വിപണനം നടത്താവുന്നതാണ്. സ്മാം പദ്ധതി ( SMAM Scheme - Submission on Agricultural Mechanization) പ്രകാരം കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങാവുന്നതാണ്. ജനകീയാസൂത്രണ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ സ്ഥാപനം വഴി വാങ്ങാൻ നടപടികൾ സ്വീകരിക്കാവുന്നതാണെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

**2.5(4.25) ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2020-ലെ A1-685/15-ാം നമ്പർ കത്തും ദേവികുളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26.08.2020-ലെ DB 01/2020-ാം നമ്പർ കത്തും. ഉള്ളടക്കം ചെയ്തിരിക്കുന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളും (SRG** 841**/20 )**

താഴെ പറയുന്നവ അംഗീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

(i) ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മൂന്നാർ കോസ്റ്റ് ഇൻഡക്സ്, ഓവർ ഹെഡ് ചാർജ് എന്നിവ ഇടമലക്കുടിയിലെ പ്രവൃത്തികൾക്ക് അപര്യാപ്ത മാണ്. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മരാമത്ത് പ്രവൃത്തികൾക്ക് 20 ശതമാനം അധിക കൺവയൻസ് ചാർജ്ജ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഇതിന് അനുമതി നൽകി. ഇത് അടിയന്തിരമായി പരിശോധിച്ച് അഞ്ച് ദിവസത്തിനകം നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതിന്മേൽ സ്വീകരിച്ച നടപടി.

**നടപടി: – 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ ,തദ്ദേശസ്വയംഭരണ വകുപ്പ്**

(iii) ഇടമലക്കുടി ഗ്രാമപഞ്ചായത്ത് , കൃഷി ഭവൻ, മൃഗാശുപത്രി, മറ്റ് അനുബന്ധ കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് 1 ഹെക്ടർ വനഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

പഞ്ചായത്തിന്റെ ആവശ്യം വനം വകുപ്പുമായി ചർച്ച ചെയ്ത് ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി: – തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

(iv) 11.04.2017-ലെ 1134/2017/തസ്വഭവ ഉത്തരവു പ്രകാരം പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ കെട്ടിടങ്ങളും പരമ്പരാഗത സാങ്കേതിക വിദ്യ അവലംബിച്ച് മുള, ചെളി എന്നിവ ഉപയോഗിച്ച് അംഗീകൃത ഏജൻസികളെ കൊണ്ട് പണിയുന്നതിന് അനുമതി നൽകിക്കൊണ്ട് തീരുമാനമെടുത്തിരുന്നു. ഇതിനു പകരം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ചെയ്യുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1ഇതിന്മേൽ റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി യിരുന്നു. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്** :- ഇടമലക്കുടിയിൽ കനത്ത മഴയും കാറ്റും ഉള്ളതിനാലും, പല പ്രദേശങ്ങളിലും വന്യമൃഗങ്ങളുടെ ശല്യം നേരിടുന്നതുകൊണ്ടും പരമ്പരാഗത രീതിയിലുള്ള നിർമ്മിതികൾ നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണവും സ്വാഭാവിക ഭൂഘടനയ്ക്ക് ദോഷം വരാതെ ആധുനിക രീതിയിലുള്ള നിർമ്മിതികൾക്ക് അനുമതി നൽകാവുന്നതാണ് എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**നടപടി: – ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**

**2.5(4.26) ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.09.2020-ലെ 1067/20/DPC/DPO/IDK നമ്പർ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.08.20-ലെ A1-220/20-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 26.06.2020-ലെ 1(9)-ാം നമ്പർ തീരുമാനവും (SRG 842/20 )**

(i) **2019-20** -ൽ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് വികസനഫണ്ടിന്റെ ഉപയോഗത്തിൽ നിന്ന് പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഉല്പാദന മേഖലയുടെ കുറഞ്ഞ പരിധിയും ഒഴിവാക്കിക്കൊണ്ട് സർക്കാർ അനുമതി നൽകിയിരുന്നു. പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഈ വർഷവും മേഖലാ വിഭജനത്തിലെ നിബന്ധന ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്.

ഈ വർഷത്തേക്കുകൂടി (2020-21) ഉല്പാദന മേഖലയുടെ കുറഞ്ഞ പരിധിയും പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഒഴിവാക്കികൊണ്ട് അനുമതി നൽകുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരം വനിതാ ഘടക പദ്ധതി, കുട്ടികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ തുടങ്ങിയ വിഭാഗത്തിനുള്ള കുറഞ്ഞ പരിധി പാലിക്കണം. ഇതിന് ആവശ്യമായ നടപടി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ സ്വീകരിക്കണം. ഇതിന്മേൽ സ്വീകരിച്ച നടപടി

**നടപടി: – 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**2.5(4.35 ) വല്ലപ്പുഴ ഗ്രാമപഞ്ചാത്ത്**

**വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.10.2020-ലെ A3-1526/15-ാം നമ്പർ കത്ത് (SRG 852/20)**

2018-19 വർഷത്തെ താഴെപ്പറയുന്ന 3 പ്രോജക്ടുകൾ 2019-20ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. ഈ പ്രോജക്ടുകളുടെ മുഴുവൻ തുകയും കൊടുത്തു തീർന്നിട്ടില്ല. അബദ്ധവശാൽ ഇവ പൂർത്തീകരിച്ച പ്രോജക്ടുകളുടെ ലിസ്റ്റിൽ ആണ് ഉൾപ്പെട്ടിരിക്കുന്നത്. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| **പ്രോനം** | **പേര്** | **അടങ്കൽ** |
|---|---|---|
| 1 194/20 | **OLP** സ്കൂൾ റോഡ് കോൺക്രീറ്റിംഗ്<br>(ഇനി നൽകാനുള്ള തുക 25,297/- രൂപ) | 2,00,000/- രൂപ<br>(തനത് ഫണ്ട്) |
| 2. 146/19 | കാട്ടിരിക്കുളം **SC** കുടിവെള്ള പദ്ധതി<br>(ഇനി നൽകാനുള്ള തുക 2,31,816/-രൂപ) | 3,00,000<br>(വികസന ഫണ്ട് |
| 3. 282/19 | മുത്തേടത്ത് പടി റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ്<br>(ഇനി നൽകാനുള്ള തുക 70,070/- രൂപ) | 90,000/- രൂപ<br>(**CFC - 70, 000/-** രൂപ)<br>തനത് ഫണ്ട് 20,000/രൂപ |

ഇത് ജില്ലാ പ്ലാനിംഗ് ഓഫീസർ കൂടി പരിശോധിച്ച് ശുപാർശ ചെയ്യുന്ന മുറയ്ക്ക് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതിന്മേൽ സ്വീകരിച്ച നടപടി

**നടപടി: –.എക്സിക്യൂട്ടീവ് ഡയറക്ടർ , ഐ.കെ.എം**

3. പൊതു വിഷയങ്ങൾ

==================

4. പ്രത്യേക വിഷയങ്ങൾ

======================

**4.1 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.11.2020-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 06.11.2020-ലെ PL.4463/16-ാം നമ്പർ കത്തും (SRG 913/20 CC/1023/20)**

***പ്രോ.നം. 527/21*** ***അടങ്കൽ 40,00,000/- രൂപ***
***(വികസന ഫണ്ട് - ജനറൽ )***

***പേര്- അംഗപരിമിതർക്ക് മുച്ചക്ര വാഹനം നൽകൽ***

2019-20-ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ഇതേപോലെ 30.00 ലക്ഷം രൂപ അടങ്കൽ ഉള്ള (പ്രോ.നം.530/21) ഒരു പ്രോജക്ടും അംഗപരിമിതർക്ക് മുച്ചക്ര വാഹനം വാങ്ങുന്നതിന് ഈ വർഷം സ്പിൽ ഓവറായി ഉണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ ടെണ്ടർ ചെയ്തപ്പോൾ BS-IV നിലവാരമുള്ള വാഹനത്തിനാണ് വിതരണ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തത്. 2020 മാർച്ചിനു ശേഷം BS-IV വാഹനം രജിസ്റ്റർ ചെയ്യാൻ നിയമപരമായി തടസ്സം ഉള്ളതിനാൽ BS-VI വാഹനത്തിനായി റീ-ടെണ്ടർ ചെയ്തു. എന്നാൽ ഇതിനായി പത്രപരസ്യം നൽകിയിരുന്നില്ല. ടെണ്ടർ സമർപ്പിച്ച 4 സ്ഥാപനങ്ങളിൽ നിന്ന് Rajavalsam Motors Pvt Limited, Alappuzha എന്ന കമ്പനി നൽകിയ ടെണ്ടർ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയ്ക്ക് വിധേയമായി ജില്ലാ പഞ്ചാത്ത് കമ്മിറ്റി അംഗീകരിച്ചു. വർക്ക് ഓർഡർ നൽകുമ്പോൾ അടയ്ക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരൻ നൽകിയിരുന്നില്ല. ഇപ്പോൾ കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകാൻ തയ്യാറാണ്. പത്രപ്പരസ്യം നൽകാത്ത നടപടിക്ക് അംഗീകാരം നൽകണമെന്നും ഇപ്പോൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിച്ച് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.2 മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2020-ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 07.09.2020-ലെ 1(3)-ാം നമ്പർ തീരുമാനവും**

**(SRG -908/20, - CC/967/20)**

***പ്രോ.നം. 239/21*** ***അടങ്കൽ 5,75,000/- രൂപ***
*(CFC Tied Fund)*

***പേര്:- പൊതു കുടിവെള്ള വിതരണ സംവിധാനം - ഗുണനിലവാരം മെച്ചപ്പെടുത്തൽ അറ്റകുറ്റപ്പണി***

തീരദേശ പ്രദേശമായതിനാൽ പഞ്ചായത്തിലെ പൊതു ടാപ്പുകളിലെ വെള്ളം ഉപ്പ് രസം ഉള്ളതാണ്. ശുദ്ധജലത്തിന് **RO** പ്ലാന്റുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ആകെയുള്ള 6 **RO** പ്ലാന്റുകളിൽ 3 എണ്ണം കേരള വാട്ടർ അതോറിട്ടിയുടെ ഉടമസ്ഥതയിലുള്ളതാണ്. ഇവ അറ്റകുറ്റപ്പണി നടത്താത്തതിനാൽ പ്രവർത്തനക്ഷമമല്ല. ഇത് അറ്റകുറ്റപ്പണി നടത്താൻ കേരള വാട്ടർ അതോറിറ്റി

5,30,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണി നടത്താനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.3 പെരുമ്പളം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.11.2020-ലെ കത്തും പെരുമ്പളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08.07.2020-ലെ 1(4)-ാം നമ്പർ തീരുമാനവും (SRG - 909/20 - CC /1017/20)**

***പ്രോ.നം. 5/21*** ***അടങ്കൽ - 51,14,700/- രൂപ***

***(മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - 16,14,700/- രൂപ***

***ജില്ലാ പഞ്ചായത്ത് വിഹിതം - 25,00,000/- രൂപ***

***ബ്ലോക്ക് വിഹിതം - 10,00,000/- രൂപ)***

***പേര്:- വാത്തികാട് - പൂത്തോട്ട ജങ്കാർ സർവ്വീസ്***

വെള്ളത്താൽ ചുറ്റപ്പെട്ട പഞ്ചായത്തിന് രണ്ട് ജങ്കാർ സർവ്വീസുകളാണ് ഉള്ളത്. പെരുങ്കളം - പാണാവള്ളി ജങ്കാർ സർവ്വീസിനായി ഒരു ജങ്കാർ **MLASDF** ൽ നിന്നനുവദിച്ചു. വാത്തിക്കാട് - പൂത്തോട്ട ജങ്കാർ സർവ്വീസിനായി ജങ്കാർ വാടകയ്ക്കെടുത്താണ് ഉപയോഗിക്കുന്നത്. ഇതിന്റെ ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി നോൺറോഡ് മെയിന്റനൻസ് ഗ്രാന്റാണ് വച്ചിരിക്കുന്നത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.4 ഇടുക്കി ജില്ല SC/ST ലേബർ കോൺട്രാക്ട് സഹകരണ സംഘം നം. ഐ.412**

**ഇടുക്കി ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം പ്രസിഡന്റിന്റെ 03.09.2020-ലെ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.12.2020-ലെ** A5-1750/20/(1) **നമ്പർ കത്തും (SRG 912 /20, mo No -4684767/2020/m/**തസ്വഭവ)

2019-20-ൽ പട്ടികവിഭാഗത്തിന് ഒരു ക്രിമിറ്റോറിയത്തിന് 10.00 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. അതിന് വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകാരം നൽകിയില്ല. ഇതു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.5 ആര്യാട് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2020-ലെ കത്തും ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28.10.2020-ലെ E1395/20-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ കൂടിയ യോഗത്തിന്റെ മിനിട്സും (ഖണ്ഡിക 4.53) (SRG/907/20- CC/1001/20).**

***പ്രോജക്ട് നം. 97/21*** ***അടങ്കൽ 21,19,488 രൂപ***

*(CFC Basic Grant)*

***പേര് – സ്ത്രീ സൗഹൃദ ആര്യാട് - വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ***

ബ്ലോക്കിന്റെ വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കാനുള്ള പ്രോജക്ട് 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നു. 'നിലാവ്' പരിപാടിയുടെ ഭാഗമായി തെരുവുവിളിക്കുകൾ സ്ഥാപിക്കുന്നുണ്ടെന്നും ഇതു കൂടി പരിഗണിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സഹിതം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, ആര്യാട് ഗ്രാമപഞ്ചായത്ത്, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തുകൾ ഭാവിയിൽ ഇതിന്റെ ആവർത്തനചെലവ് വഹിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റി അനുമതിക്കായി വീണ്ടും ആവശ്യപ്പെട്ടിരിക്കുന്നു.

## 4.6 കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്

**14.12.2020-ലെ 275/**FM1/2020/ **തസ്വഭവ നമ്പർ കത്തും കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 23.09.2020-ലെ 1373/**A5/2020/KSBC **നമ്പർ കത്തും** (SRG 928/ 20).

(i) ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഇതിനകം തയ്യാറാക്കിയിട്ടുള്ള ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ **(PBR)** അപ്ഡേഷൻ, ഡിജിറ്റലൈസേഷൻ **(EPBR)**, ജൈവ ആവാസ വ്യവസ്ഥകളുടെ സംരക്ഷണം, ജൈവ വിഭവങ്ങളുടെ സുസ്ഥിരോപയോഗം **CFC** എന്നിവയ്ക്ക് അൺടൈഡ് ഉപയോഗിക്കാവുന്ന താണെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(ii) മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾ പഞ്ചാത്ത് തലത്തിൽ കോഓർഡിനേറ്റ് ചെയ്യുന്നതിന് ഓണറേറിയം വ്യവസ്ഥയിൽ തനത്/ വികസന ഫണ്ട് ഉപയോഗിച്ച് ഒരു പ്രോജക്ട് ഫെലോയെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

## 4.7 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2020-ലെ കത്തും ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 04.11.2020-ലെ 8(1)-ാം നമ്പർ തീരുമാനവും (SRG** 926**/20 – CC/**1027**/20)**

2010-11-ൽ ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം 325 പേരെ തെരഞ്ഞെടുത്തിരുന്നു. ജനറൽ, പട്ടികജാതി, ഗുണഭോക്താക്കൾക്ക് 75,000/- രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 1,25,000/- രൂപയുമായിരുന്നു നിരക്ക്. 27.02.2020-ലെ 52/2012-ാം നമ്പർ ഉത്തരവ് പ്രകാരം ഇത് 2.00 ലക്ഷം രൂപ, 2.50 ലക്ഷം രൂപ എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചു. ഇ.എം.എസ് ഭവന പദ്ധതിയിലെ ഈ നിരക്ക് തങ്ങൾക്കും ബാധകമാക്കണമെന്ന് 25 ഗുണഭോക്താക്കൾ ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. ആറാഴ്ചയ്ക്കുള്ളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ബഹു. ഹൈക്കോടതി ഉത്തരവായി. ഇതനുസരിച്ച് 25 ഗുണഭോക്താക്കൾക്ക് പുതിയ നിരക്ക പ്രകാരം സഹായം നൽകാൻ 27,47,500/- രൂപ വേണം. ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ചെലവഴിക്കാത്ത ഐ.എ.വൈ തുകയിൽ നിന്നു ഇതു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.8 മുട്ടം ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2020-ലെ കത്തും മുട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.20-ലെ B1-2503/19-ാം നമ്പർ കത്തും ((SRG 927/20 – CC/1031/20)**

*പ്രോ.നം. 89/21* *അടങ്കൽ 82,000/- രൂപ*

*(വികസന ഫണ്ട്)*

***പേര്:- പഞ്ചായത്ത് ഓഫീസ് ടോയിലറ്റ് നിർമ്മാണം പൂർത്തികരണം***

2019-20-ൽ പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണ വേലകൾ നടത്തി. (പ്രോ.നം.162/20, അടങ്കൽ 4,50,000/-) രൂപ. തുക കുറവായതിനാൽ ഓഫീസ് കെട്ടിടത്തിൽ പൊതുജനങ്ങൾക്കായി ഒരു ടോയിലറ്റ് മാത്രമാണ് നിർമ്മിച്ചത്. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയിലറ്റ് വേണമെന്നതിനാൽ പ്രോജക്ട് തയ്യാറാക്കാതെ ഒരു ടോയിലറ്റ് കൂടി നിർമ്മിച്ചു. ഇതിന്റെ തുക നൽകുന്നതിനായി ഈ വർഷം പ്രോജക്ട് വച്ചിരിക്കുന്നു. അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.9 ചോറോട് ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2020-ലെ കത്തും ചോറോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.09.2020-ലെ 106/20-ാം നമ്പർ തീരുമാനവും (SRG 936/20 – CC/955/20)**

പഞ്ചായത്തിലെ തീരദേശ വാർഡുകളായ 17,18, വാർഡുകളെ കൊവിഡ് വ്യാപനത്തിന്റെ പേരിൽ ക്രിട്ടിക്കൽ കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ചിരുന്നു. ഇവിടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 750 കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. ഇതിന് ആകെ ചെലവ് 3,86,250/- രൂപയാണ്. സംഭാവനയായി ലഭിച്ചത് 29500/- രൂപയാണ്. ബാക്കി തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.10 എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2020-ലെ കത്തും അനുബന്ധ രേഖകളും SRG-937 /20 – CC/1028/20)**

*പ്രോ.നം. 581/21* *അടങ്കൽ 60,90,000- രൂപ*

***(വികസന ഫണ്ട് ജനറൽ)***

***പേര്:- വിദ്യാലയങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ***

സ്കൂൾ കോമ്പൗണ്ടിലും പരിസരത്തും മദ്യം, മയക്കു മരുന്നുകളുടെ ഉപയോഗം, സാമൂഹ്യ വിരുദ്ധരുടെ ശല്യം എന്നിവയെ പ്രതിരോധിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും സ്കൂളുകളിൽ CCTV ക്യാമറ സ്ഥാപിക്കാനുമുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.11ആലംകോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.02.2020-ലെ കത്തും ആലംകോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.02.2019-ലെ 2(9)-ാം നമ്പർ ഭരണസമിതി തീരുമാനം SRG-857 /20 – CC/289/20)**

***പ്രോ.നം. 37/2019*** ***അടങ്കൽ 2,30,000/-- രൂപ***

***(വികസന ഫണ്ട് ജനറൽ)***

***പേര്:- പാടശേഖര സമിതികൾക്ക് പമ്പ് സെറ്റും പെട്ടിയും പറയും***

പാടശേഖര സമിതികൾക്ക് പമ്പ്സെറ്റും പെട്ടിയും പറയും എന്ന ഈ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തിൽ എറവാറം കുന്ന് - കിഴിക്കര - പള്ളിക്കുന്ന് സംയുക്ത പാടശേഖര സമിതിക്ക് 10 **HP**യുടേയും 5 **HP** യുടേയും പമ്പ്സെറ്റ് വിതരണം ചെയ്തു. ആകെ 2,27,300/- രൂപ ചെലവായി. മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തിനാണ് ഈ പ്രോജക്ട് ഏറ്റെടുക്കാവുന്നത്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഈ പ്രോജക്ടിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

**4.12 പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത്**

**പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.05.2018-ലെ** A1 - 3086/2018-**ാം നമ്പർ കത്ത് ( SRG-943 /20 –LSGD - FM2/174/2018/LSGD)**

പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ കിളിമാനൂർ മാർക്കറ്റിൽ 2009 മുതൽ ഒരു ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. ബയോടെക് മുഖേനയാണ് ഇതിന്റെ നടത്തിപ്പ്. എന്നാൽ ബയോടെക്കിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ അവരുമായുള്ള കരാർ പുതുക്കിയില്ല. ഇപ്പോൾ പഞ്ചായത്ത് നേരിട്ട് ഒരാളെ നിയമിച്ച് പ്ലാന്റ് പ്രവർത്തിപ്പിക്കുകയാണ്. ഇതിന് 200 രൂപയാണ് ദിവസ വേതനമായി നൽകുന്നത്. ഇയാൾക്ക് 2018 ജനുവരി മുതലുള്ള വേതനം നൽകിയിട്ടില്ല. പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 2017-ലെ വേതനം തനത് ഫണ്ടിൽ നിന്നു നൽകാൻ 28.12.2016ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി. പിന്നീടുള്ള വേതനം യൂസർ ഫീയിൽ നിന്നും നൽകാനായിരുന്നു നിർദ്ദേശം. തുടർന്നുള്ള വേതനം തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.13 അഞ്ചൽ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2020-ലെ കത്ത് (SRG-938 /20 –LSGD CC - 1088/20)**

***പ്രോ.നം.*** *52/2021* ***അടങ്കൽ*** *10,00,00/--* ***രൂപ***

*(CFC - Tied Grant)*

***പേര്:- മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് മാലിന്യം എത്തിക്കുന്നതിന് വാഹനം വാങ്ങൽ***

അഞ്ചൽ ഗ്രാമപഞ്ചായത്ത് മാർക്കറ്റ് വാർഡിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ കേന്ദ്രത്തിലേയ്ക്ക് മാലിന്യം എത്തിക്കുന്നതിന് വാഹനം വാങ്ങാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.14 **ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.11.2020-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 06.11.2020-ലെ** PL - 4463/16-ാം **നമ്പർ കത്തും 19.10.2020-ന് നടന്ന സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയുടെ മിനിട്സും (SRG-914 /20 –CC -** 1024/**20)**

***പ്രോ.നം.*** *50/2021* ***അടങ്കൽ*** *10,00,000/--* ***രൂപ***

***(വികസന ഫണ്ട് - ജനറൽ)***

***പേര്:- കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പിനി ഉല്പാദന യൂണിറ്റിന് റിവോൾവിംഗ് ഫണ്ട്***

കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ വെളിച്ചെണ്ണ ഉല്പാദന യൂണിറ്റിന് റിവോൾവിംഗ് ഫണ്ട് നൽകുന്ന പ്രോജക്ടിന് വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അനുമതി നൽകിയില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.15 **വഴിക്കടവ് ഗ്രാമപഞ്ചായത്ത്**

**വഴിക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2020-ലെ കത്ത് (SRG 9/21)**

***പ്രോ.നം. 266/19*** ***അടങ്കൽ 50,00,00/- രൂപ***

***(തനത് ഫണ്ട്)***

***പേര്:- വെണ്ടേക്കുംപൊട്ടി*** *GLPSന്* ***വാഹനം വാങ്ങൽ***

വെണ്ടേക്കുംപൊട്ടി **GLPS**-ന് 2018-19-ൽ പ്രോജക്ട് തയ്യാറാക്കി വാഹനം വാങ്ങി . സമീപത്തുള്ള **SC, ST** കോളനികളിലെ കുട്ടികൾ ഇവിടെയാണ് പഠിക്കുന്നത്. വാഹനം വാങ്ങിയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.16 **ചെങ്ങന്നൂർ മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.12.2020-ലെ കത്ത് SRG 944/20 - CC/1050/**20 )

***പ്രോ.നം.*** *151/20* ***അടങ്കൽ*** *8,00,000/-* ***രൂപ***

*(CFC - Tied Grant)*

***പേര്:- വരൾച്ച - ദുരിതാശ്വാസം - കുടിവെള്ള വിതരണം.***

01.04.2020 മുതൽ 31.05.2020 വരെ നഗരസഭാ പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്തതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.17 **കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.10.2020-ലെ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 29.09.2020-ലെ 33(30)/20-ാം നമ്പർ തീരുമാനവും SRG 861/ 20 - CC/925/**20 )

***പ്രോ.നം.*** *157/20* ***(ബഹു വർഷം)*** ***അടങ്കൽ*** *1,70,00,00/-* ***രൂപ***

*(വികസനഫണ്ട് - ജനറൽ)*

***പേര്:- പീലിക്കോട് ഫാം പടന്ന റോഡ് മെക്കാഡം ടാറിംഗ്***

2019-20-ൽ തയ്യാറാക്കിയ ഈ പ്രോജക്ടിൽ ആദ്യവർഷം 15.00 ലക്ഷം രൂപയും ശേഷിക്കുന്ന വിഹിതം ബഹു വർഷമായുമാണ് വകയിരുത്തിയിരിക്കുന്നത്. ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ടിന്റെ വെറ്റിംഗ് നടപടി പൂർത്തിയായില്ലെങ്കിലും സാങ്കേതികാനുമതി ലഭിച്ചിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്തു. എന്നാൽ കരാറുടമ്പടി വച്ചിട്ടില്ല. ഈ വർഷം പ്രോജക്ട് ഉൾപ്പെടുത്താൻ വിട്ടുപോയി. സാങ്കേതികാനുമതിയോടെ ടെണ്ടർ ചെയ്തതിനാൽ പുതിയ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനു പകരം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.18 ജില്ലാ ആസൂത്രണ സമിതി**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.20-ലെ കത്ത് 1/20/DPO/DPC/ALP നമ്പർ കത്ത് SRG 10/21 )**

ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്ക് സിറ്റിംഗ്ഫീയും യാത്രാബത്തയും ചേർത്ത് ആകെ 1000/- രൂപയാണ് നൽകുന്നത്. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യോഗങ്ങൾ കൂടുന്നത് ഓൺലൈൻ ആയാണ്. ഓൺ ലൈൻ ആയി പങ്കെടുക്കുന്ന അംഗങ്ങൾക്ക് സിറ്റിംഗ് ഫീയും യാത്രാബത്തയും നൽകാമോ എന്നു സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു.

**4.19 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.10.2020-ലെ കത്തും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2020-ലെ 12(2)-ാം നമ്പർ തീരുമാനവും SRG 867/20 - CC/924/20 )**

***പ്രോ.നം. 162/21*** ***അടങ്കൽ 16,00,000/- രൂപ***

*(വികസന ഫണ്ട് - **CFC - Tied Grant**)*

***പേര്:- മൊബൈൽ ക്രിമിറ്റോറിയം***

പഞ്ചായത്തിൽ പൊതു ശ്മശാനത്തിന് വാർഷിക പദ്ധതിയിൽ പല തവണ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല. അടിയന്തിര സ്വഭാവമുള്ളതിനാൽ പഞ്ചായത്ത് സ്വന്തമായി വാഹനം വാങ്ങി മൊബൈൽ ക്രിമിറ്റോറിയം എന്ന പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.20 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2020-ലെ കത്തും SRG 881/20 - CC/966/20 )**

സുഭിക്ഷ കേരളം പദ്ധതിയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കി. സർക്കാർ ഉത്തരവ് പ്രകാരം വിളകൾ ഇൻഷ്വറൻസ് ചെയ്യണമെന്ന് നിബന്ധനയുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം ഒക്ടോബർ മാസം തന്നെ വിളവെടുപ്പ് തുടങ്ങി. അതിനാൽ വിള ഇൻഷ്വറൻസിൽ നിന്നൊഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

| **പ്രോ.നം.** | **പേര്** | **അടങ്കൽ** |
|---|---|---|
| 144/21 | തരിശുനില പച്ചക്കറിക്കൃഷി | 2,25,000/- രൂപ (വികസന ഫണ്ട്(ജനറൽ) |
| 145/21 | തരിശുനില നെൽക്കൃഷി | 1,50,000(വികസന ഫണ്ട്(ജനറൽ) |

| | | |
|---|---|---|
| 148/21 | വാഴകൃഷി കൂലിചെലവ് സബ്സിഡി | 9,00,000/- രൂപ (വികസന ഫണ്ട്(ജനറൽ) |
| 140/21 | തരിശു ഭൂമിയിൽ ഇടവിളകൃഷി | 6,75,000/- രൂപ (വികസന ഫണ്ട്(ജനറൽ) |

**4.21 തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2020-ലെ കത്തും കേരള വാട്ടർ അതോറിറ്റി പാലക്കാട് പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തും SRG 871/20 - CC/969/20 )**

***പ്രോ.നം. 373/21*** ***അടങ്കൽ 60,00,000/- രൂപ***

*(CFC - Tied Grant - 20,00000/- രൂപ*

*മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം - 40,00,000/- രൂപ)*

***പേര്:-തിരുവേഗപ്പുറ, മുതുതല,പരുതൂർ ഗ്രാമപഞ്ചായത്തുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പരിപാടി***

തിരുവേഗപ്പുറ, മുതുതല പരുതൂർ ഗ്രാമപഞ്ചായത്തുകളുടെ ഒന്നാം ഘട്ട ശുദ്ധജല വിതരണ പദ്ധതിക്കായി കേരള വാട്ടർ അതോറിട്ടി സ്റ്റേറ്റ് പ്ലാനിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആകെ 20 കോടി രൂപയാണ് അടങ്കൽ. ഇതിനായി പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് കേരള വാട്ടർ അതോറിട്ടിയുമായി ധാരണ ആയിട്ടുണ്ട്. മാഞ്ഞാമ്പ്ര പ്രദേശത്ത് കേരള വാട്ടർ അതോറിട്ടി ടാങ്കിനു സമീപമുള്ള 1.30 ഏക്കർ സ്ഥലമാണ് കേരള വാട്ടർ അതോറിട്ടി അനുയോജ്യമായി കണ്ടെത്തിയിരിക്കുന്നത്. ഒരു സെന്റിന് 39,000/- രൂപ വച്ച് ആകെ വില 50,70,000/- രൂപ. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

**4.22 മുതുതല ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.10.2020-ലെ കത്തും പാലക്കാട് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 17.09.2020-ലെ SBM 699/20-ാം നമ്പർ കത്തും SRG 866/20 - CC/443/20 )**

**2019-20** വർഷം പഞ്ചായത്ത് പ്രദേശത്തെ മാലിന്യം കയറ്റി അയക്കുന്നതിന് ക്ലീൻ കേരള കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ടെണ്ടർ നടപടി കൂടാതെ സ്വകാര്യ കമ്പനിയാണ് ഈ മാലിന്യം കൊണ്ടു പോയത്. ആകെ 22.05 ടൺ മാലിന്യം ഇങ്ങനെ കൊണ്ടു പോയി. ഇതിന്റെ ചെലവായി 2.00 ലക്ഷം രൂപ നൽകണമെന്ന് കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. മാലിന്യം കയറ്റി അയയ്ക്കാൻ 2019-20-ൽ 3,50,000/- രൂപ തനത് ഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നതാണ്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.23 പത്തനാപുരം ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2020-ലെ കത്ത് SRG 939/20 - CC/1036/20 )**

***പ്രോ.നം .299/21*** ***അടങ്കൽ 2,00,000/- രൂപ***

*(തനത് ഫണ്ട് )*

***പേര്:- പുതുതായി ആരംഭിക്കുന്ന കോടതി കെട്ടിടത്തിന്റെ വാടക***

പത്തനാപുരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പുതുതായി തുടങ്ങുന്ന കോടതി തൽക്കാലം വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാനാണുദ്ദേശിക്കുന്നത്. ഇതിന്റെ വാടക നൽകുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.24 പത്തനാപുരം ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2020-ലെ കത്ത് SRG 941/20 - CC/1037/20 )**

***പ്രോ.നം .299/21*** ***അടങ്കൽ 3,00,000/- രൂപ***

*(തനത് ഫണ്ട് )*

***പേര്:- പുതുതായി സ്ഥാപിക്കുന്ന കോടതിക്ക് ഫർണിച്ചർ വാങ്ങലും അനുബന്ധ സൗകര്യമൊരുക്കലും***

പത്തനാപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പുതുതായി ആരംഭിക്കുന്ന കോടതി വാടക കെട്ടിടത്തിലാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഇവിടേയ്ക്ക് ഫർണിച്ചർ വാങ്ങാനും അനുബന്ധ സൗകര്യം ഒരുക്കാനും വേണ്ടിയുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.25 പെരിയ പോട്ടറി വർക്കേഴ്സ് കോട്ടേജ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റെ 20.11.2020-ലെ കത്ത് SRG 931/20/ MO നം -E-4791092/20/ തസ്വഭവ)**

മൺപാത്ര തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി 1958-ൽ ആരംഭിച്ചതാണ് പെരിയ പോട്ടറി വർക്കേഴ്സ് കോട്ടേജ് ഇൻസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി. രണ്ടു പതിറ്റാണ്ടായി ഇതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. 2 ഏക്കർ വയൽ അടക്കം ആകെ 4 ഏക്കർ സ്ഥലം സൊസൈറ്റിക്കുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ 500 ലധികം മൺപാത്ര നിർമ്മാണ തൊഴിലാളികൾ ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ഖാദി കമ്മീഷന്റെ **SFRUTI** (Scheme of Fund for Regeneration of Traditional Industries) പദ്ധതിയിൽപ്പെടുത്തി ഒരു പോട്ടറി ക്ലസ്റ്റർ സംഘത്തിന്റെ സ്ഥലത്ത് അനുവദിക്കാമെന്ന് ജില്ലാ വ്യവസായ കേന്ദ്രം അറിയിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക രീതി ഉപയോഗിച്ചുള്ള പാത്രങ്ങളും ശില്പങ്ങളും നിർമ്മിക്കുന്ന യൂണിറ്റിന് 2.50 കോടി രൂപ ചെലവു വരും. ഇതിന്റെ 10 ശതമാനം (25 ലക്ഷം രൂപ) ഗുണഭോക്തൃ വിഹിതം വേണം. ഈ തുക കാസർഗോഡ് ജില്ലാ പഞ്ചായത്ത് നൽകാമെന്ന് ധാരണയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ തുക ജില്ലാ പഞ്ചായത്തിൽ നിന്നും നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.26 പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2021-ലെ കത്ത് SRG 7/21 CC-974/20)**

***പ്രോ.നം .242/21*** ***അടങ്കൽ*** *4,23,378/-* ***രൂപ***

*(വികസനഫണ്ട്- ജനറൽ)*

***പേര്:- എറകാട് സ്കൂളിൽ എഫ്.എം. റേഡിയോ സ്റ്റേഷൻ***

സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നതിന് ഏറകാട് സ്കൂളിൽ എഫ്.എം. റേഡിയോ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി

പ്രാഥമികാനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.27 കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.12.2020-ലെ കത്തും കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.07.2020-ലെ 3(2)-ാം നമ്പർ തീരുമാനം** SRG 945/ 20 CC-1050/20)

***പ്രോ.നം .71/21*** ***അടങ്കൽ 3,00,000/- രൂപ***

*(വികസനഫണ്ട്- ജനറൽ)*

***പേര്:- വനിതാ ഗ്രൂപ്പിന് തുണി ബാഗ് നിർമ്മാണ യൂണിറ്റ്***

പഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് അധിക വരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായി ഹരിത കർമ്മസേനാ ഗ്രൂപ്പിന് തുണി ബാഗ് നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.28 കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.12.2020-ലെ കത്തും കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.08.2020-ലെ 5(6)-ാം നമ്പർ തീരുമാനവും.** SRG 946/20 CC-1049/20)

***പ്രോ.നം .182/21*** ***അടങ്കൽ 1,00,000/- രൂപ***

***(തനത് ഫണ്ട്)***

***പേര്:- CCTV ക്യാമറ സ്ഥാപിക്കൽ***

പഞ്ചായത്തിൽ കാർത്തികപ്പള്ളി - ഠാണാപടി തോട്ടിൽ വ്യാപകമായി മാലിന്യം നിക്ഷേപിക്കുന്നുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ ഹരിപ്പാട് മുൻസിഫ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ താലൂക്ക് ലീഗൽ സർവ്വീസ് സൊസൈറ്റി ഇടപെട്ടിരുന്നു. തോട് മാലിന്യ മുക്തമാക്കി നീരൊഴുക്ക് സുഗമമാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി **CCTV** ക്യാമറ സ്ഥാപിക്കാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.29 കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2021-ലെ കത്തും കല്ലറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.11.2020-ലെ 1(1)-ാം നമ്പർ തീരുമാനം SRG 1/21 CC-**1029/**20**)

***പ്രോ.നം .63/21*** ***അടങ്കൽ 2,00,0000/- രൂപ***

*(മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്)*

***പേര്:- മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് കെട്ടിടം നവീകരണം***

മിനി ഇൻഡ്സ്ട്രീയൽ എസ്റ്റേറ്റ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.30 **എരുമേലി ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2021-ലെ കത്ത് SRG 2/21 CC-1059/20)**

***പ്രോ.നം .42/19*** ***അടങ്കൽ 24,00,000/- രൂപ***

*(വികസനഫണ്ട്- ജനറൽ 12,00,000/- രൂപ*

*ഗുണഭോക്തൃ വിഹിതം 12,00,000/- രൂപ)*

***പേര്:- കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം***

കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങി 2018-19-ൽ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം നടത്തി. എന്നാൽ പ്രോജക്ടിൽ വകയിരുത്തിയ തുക തീർന്നതിനാൽ അവസാന രണ്ടു തവണ വിതരണം ചെയ്ത കാലിത്തീറ്റയുടെ വില കേരള ഫീഡ്സിന് നൽകിയില്ല. 2019-20-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. ഈ തുക നടപ്പ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

*******